Scan & send
DC, webdnewmedia



"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കോട്ടയം, പാലക്കാട് ജില്ലകളിൽ 2021 ഒക്ടോബർ മാസത്തിലുണ്ടായ പ്രകൃതി ക്ഷോഭത്തിൽ ഭവന നാശം സംഭവിച്ചവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്

സ.ഉ.(സാധാ) നം.3567/2022/RD തീയതി,തിരുവനന്തപുരം, 23-08-2022

പരാമർശം:- 1. ദുരന്ത നിവാരണ വകുപ്പിന്റെ 29.10.2021 തീയതിയിലെ സ.ഉ. (കൈ) നം.05/2021/ദു.നി.വ നമ്പർ ഉത്തരവ്.

2. 22.07.2022 ലെ സ.ഉ. (സാധാ) നം. 3124/2022/RD നമ്പർ ഉത്തരവ്

3. ലാന്റ് റവന്യൂ കമ്മീഷണറുടെ 26/04/2022 തീയതിയിലെ LR/4970/2021-LR(H2) നമ്പർ കത്ത്.

**ഉത്തരവ്**

പരാമർ ശം (1) ഉത്തരവ് പ്രകാരം 2021 ഒക്ടോബർ മാസത്തിലുണ്ടായ പ്രകൃതിക്ഷോഭത്തിൽ ഭവനനാശം സംഭവിച്ചവർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ദുരന്തനിവാരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. 2021 ഒക്ടോബർ മാസത്തിലുണ്ടായ പ്രകൃതിക്ഷോഭത്തിൽ ഭവനനാശം സംഭവിച്ച കോട്ടയം, പാലക്കാട് എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി ഫണ്ട് അനുവദിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (3) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചു.

| ക്രമ നമ്പർ | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|---|
| 1 | കോട്ടയം | 300 | 1,00,94,500/- |
| 2 | പാലക്കാട് | 70 | 78,36,600/- |
| | ആകെ | 370 | 1,79,31,100/- |

2. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2021 ഒക്ടോബർ മാസത്തിലുണ്ടായ പ്രകൃതിക്ഷോഭത്തിൽ ഭവന നാശം സംഭവിച്ച ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി കോട്ടയം ജില്ലാ കളക്ടർക്ക് 1,00,94,500/-രൂപയും, പാലക്കാട് ജില്ല കളക്ടർക്ക് 78,36,600/- രൂപയും ചേർത്ത് ആകെ **1,79,31,100/-രൂപ (ഒരു കോടി എഴുപത്തൊൻപത് ലക്ഷത്തി മുപ്പത്തൊന്നായിരത്തി ഒരുന്നൂറ് രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വിതരണത്തിനാവശ്യമായിവരുന്ന **1,79,31,100/-രൂപ (ഒരു കോടി എഴുപത്തൊൻപത് ലക്ഷത്തി മുപ്പത്തൊന്നായിരത്തി ഒരുന്നൂറ് രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T. P. 80 അക്കൗണ്ടിൽ

നിന്നും കോട്ടയം, പാലക്കാട് ജില്ലാ കളക്ടർമാർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർമാർ ടി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് DBT മുഖേന വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുക വിതരണം ചെയ്യുന്നതിന് മുമ്പ് ഗുണഭോക്താക്കളിൽ ആർക്കെങ്കിലും ഇതിനകം ഇതേ ആവശ്യത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തുക ലഭിച്ചിട്ടില്ലായെന്ന് ജില്ലാ കളക്ടർമാർ ഉറപ്പ് വരുത്തേണ്ടതും അപ്രകാരം ആർക്കെങ്കിലും തുക ഇതിനകം ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ അനുവദിച്ച തുക ടിയാന് വിതരണം ചെയ്യാൻ പാടില്ലാത്തതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാരി രാജൻ

സ്പെഷ്യൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, കോട്ടയം, പാലക്കാട്

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി , ഒബ്സർവേറ്ററി ഹിൽസ്

വികാസ് ഭവൻ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ജില്ലാ ട്രഷറി ഓഫീസർ, തൃശ്ശൂർ, കാസർഗോഡ്, മലപ്പുറം, കോട്ടയം, പാലക്കാട് (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള തിരുവനന്തപുരം

റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്

ദുരന്ത നിവാരണ (എ, ബി ) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Rakesh Paul
Date: 24-08-2022 09:50:19

സെക്ഷൻ ഓഫീസർ